# ഒരു ജനതയെ മൊത്തം താറടിക്കുന്ന വിധം

**ലോകത്തെ** ഏറ്റവും വലിയ വിനോദവ്യവസായമായ ഹോളിവുഡ് ഒരു ജനസമൂഹത്തെ ഒന്നടങ്കം വില്ലന്മാരും കൊള്ളരുതാത്തവരുമായി ചിത്രീകരിക്കുന്നത് എങ്ങനെ എന്ന് തുറന്നുകാട്ടുകയാണ് ജാക് ജി. ശാഹീനിന്റെ *Reel Bad Arabs* എന്ന പുസ്തകം. 150 രാജ്യങ്ങളിൽ ഹോളിവുഡ് സിനിമകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. 45 ബില്യൻ ഡോളറാണ് അതിൽനിന്നുള്ള വാർഷികവരുമാനം. ഹോളിവുഡും വാഷിംഗ്ടൺ രാഷ്ട്രീയവും തമ്മിലുള്ള ഗാഢബന്ധം ഇന്നാർക്കും അവ്യക്തമല്ല. അമേരിക്കയുടെ അക്രമാസക്തമായ വിദേശനയങ്ങൾക്ക് കള്ളന്യായങ്ങൾ ചമക്കുക എന്ന ധർമമാണ് പലപ്പോഴും ഹോളിവുഡ് സിനിമകൾ ഏറ്റെടുക്കുന്നത്. അമേരിക്ക പ്രതിപ്പട്ടികയിൽ പേരു ചേർത്ത രാഷ്ട്രങ്ങളും ജനസമൂഹങ്ങളും വെള്ളിത്തിരയിൽ വില്ലന്മാരായി ആടിത്തിമിർക്കുന്നു.

ഇസ്രയേലിന്റെ രൂപീകരണകാലം തൊട്ട് അമേരിക്കയുടെ ഹിറ്റ്ലിസ്റ്റിൽ സ്ഥാനം പിടിച്ചവരാണ് അറബികൾ. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ ഫലസ്തീൻ പോരാളികൾ വില്ലന്മാരായി പ്രത്യക്ഷപ്പെടുന്ന നിരവധി ഹോളിവുഡ് ചിത്രങ്ങൾ പുറത്തിറങ്ങി. അറബികളോ മുസ്‌ലിംകളോ കടന്നുവരുന്ന ആയിരം ഹോളിവുഡ് ചിത്രങ്ങളാണ് സൗത്ത് ഇല്യ്യുനൂയ്ഡ് സർവകലാശാലയിൽ ജേർണലിസം പ്രഫസറായ ജാക് ശാഹീൻ പഠനവിധേയമാക്കുന്നത്. ഇദ്ദേഹം ലബനീസ് വംശജനാണ്. ഈ ആയിരം സിനിമകളിൽ പന്ത്രണ്ടെണ്ണം മാത്രമാണ് അറബികളോട് നീതി പുലർത്തിയതെന്ന് അദ്ദേഹം എഴുതുന്നു. 50 സിനിമകൾ ഏറക്കുറെ അറബ്പ്രശ്നങ്ങളിൽ സന്തുലിത നിലപാട് സ്വീകരിച്ചുവെന്ന് പറയാം.

അറബ് വംശജനായ കഥാപാത്രം പുരുഷനാണെങ്കിൽ അയാൾ കാട്ടാളനായ ബദുവായിരിക്കും. അല്ലെങ്കിൽ മതതീവ്രവാദിയായ ഭീകരൻ. അതുമല്ലെങ്കിൽ ജീർണതയുടെ പര്യായമായ പെട്രോൾ ശൈഖ്, വിവരദോഷിയായ രാഷ്ട്രീയക്കാരൻ.... സ്ത്രീ കഥാപാത്രമാണെങ്കിൽ 'അടിമ'യോ നർത്തകിയോ ഭീകരവാദികളുടെ ഗാംഗിൽ പെടുന്നവളോ. ഇതാണ് ഹോളിവുഡ് സിനിമകളിലെ അറബ് വാർപ്പുമാതൃക. അങ്ങനെ അറബികളെക്കുറിച്ചുള്ള ഓറിയന്റലിസ്റ്റ് ദുർവ്യാഖ്യാനങ്ങൾ ലോകത്തെങ്ങുമുള്ള കോടിക്കണക്കിന് പ്രേക്ഷകരുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുന്നു.

1986-ൽ പുറത്തിറങ്ങിയ ഹോളിവുഡ് ചിത്രമാണ് *The Delta Force*. റോമിലേക്ക് പോകുന്ന ഒരു യാത്രാവിമാനം 'ഫലസ്തീൻഭീകരർ' റാഞ്ചുന്നതും യാത്രക്കാരെ ഓരോരുത്തരെയായി നിർദാക്ഷിണ്യം കൊല്ലുന്നതുമാണ് പ്രമേയം. *ട്രൂലൈസ്, എൻഗേജ്മെന്റ് റൂൾസ്, ദ സീജ്* തുടങ്ങി അടുത്ത കാലത്ത് പുറത്തിറങ്ങിയ ഒട്ടേറെ സിനിമകൾ അറബികളെ തിന്മകളുടെ അച്ചുതണ്ടായി ചിത്രീകരിക്കാൻ മാത്രമായി നിർമിക്കപ്പെട്ടവയാണ്. കുരിശുയുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ നിർമിക്കപ്പെട്ട കിംഗ്ഡം ഓഫ് ഹെവൻ പോലുള്ള വളരെ അപൂർവ ചിത്രങ്ങളിലാണ് മുസ്‌ലിം നിലപാടുകൾക്ക് അർഹമായ സ്ഥാനം നൽകിയിരിക്കുന്നത്. ഹോളിവുഡ് സിനിമാ നിർമാണത്തിലെ സയണിസ്റ്റ് സ്വാധീനവും ഗ്രന്ഥകാരൻ പഠനവിധേയമാക്കുന്നുണ്ട്.

പുസ്തകത്തെ ആസ്പദമാക്കി അതേ പേരിൽ ഒരു ഡോക്യുമെന്ററിയും നിർമിച്ചിട്ടുണ്ട്. ദുബൈ ഫെസ്റ്റിവലിൽ അത് പ്രദർശിപ്പിച്ചിരുന്നു.

Reel Bad Arabs: How Hollywood Vilifies a People (Olive Branch Press). ■

# നീതിനിഷേധത്തിന്റെ അഞ്ചു വർഷം

**"കർസേവകർ** അയോധ്യയിൽനിന്ന് ഗുജറാത്തിലേക്ക് എപ്പോഴാണ് യാത്ര തിരിക്കുകയെന്ന് ഗുജറാത്തിൽ ആർക്കെങ്കിലും (ഒരുപക്ഷേ വി.എച്ച്.പി അംഗങ്ങൾക്കൊഴിച്ച്) കൃത്യമായി അറിയുമായിരുന്നു എന്നതിന് വ്യക്തമായ തെളിവില്ല. കർസേവകരുടെ യാത്രാ പരിപാടികളെക്കുറിച്ച് തങ്ങൾക്കൊരു വിവരവും ലഭിച്ചിരുന്നില്ലെന്ന് കേന്ദ്ര, സംസ്ഥാന, പ്രാദേശിക ഇന്റലിജൻസ് വിഭാഗങ്ങൾ നാനാവതി-ഷാ കമീഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

"ഗോധ്രാ സംഭവം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം മണ്ണെണ്ണ ഒഴിച്ചാണ് ബോഗികൾക്ക് തീകൊളുത്തിയതെന്ന വാദം പെട്ടെന്ന് ഉപേക്ഷിക്കപ്പെട്ടു. കത്തിക്കാൻ ഉപയോഗിച്ചത് പെട്രോളാണ് എന്നായി വാദം. രണ്ട് മലക്കം മറിച്ചിലുകളാണ് ഇവിടെ കാണാൻ കഴിയുന്നത്. ഒന്ന്, കത്തിക്കാൻ ഉപയോഗിച്ചത് മണ്ണെണ്ണയല്ല, പെട്രോളാണെന്ന മാറ്റിപ്പറയൽ. രണ്ട്, ബോഗികൾ പുറത്തുനിന്ന് കത്തിച്ചതാണെന്നായിരുന്നു ആദ്യം പറഞ്ഞിരുന്നത്. കത്തിയത് ഉള്ളിൽനിന്നുതന്നെയെന്ന് പിന്നെ മാറ്റിപ്പറഞ്ഞു. ഇത്തരം പ്രകടമായ വൈരുധ്യങ്ങൾ അന്വേഷണത്തെ പരിഹാസ്യമാക്കിത്തീർത്തു."

'ഗോധ്ര അപനിർമിക്കുമ്പോൾ' (Deconstructiing Godra) എന്ന ലേഖനത്തിൽനിന്നുള്ളതാണ് ഈ വരികൾ (*കമ്യൂണലിസം കോംപാറ്റ്*, ജൂലൈ 20). ഗോധ്ര സംഭവവുമായി ബന്ധപ്പെട്ട് അഞ്ചു വർഷമായി നടന്ന സംഭവങ്ങളുടെ വസ്തുനിഷ്ഠമായ വിശകലനമാണിത്. കഴിഞ്ഞ ഒരു പതിറ്റാണ്ടായി സംഘ് വിദ്വേഷപ്രത്യയശാസ്ത്രത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുകയാണ് മുംബൈയിൽനിന്നിറങ്ങുന്ന *കമ്യൂണലസിം കോംപാറ്റ്* എന്ന മാസിക. പ്രമുഖ മനുഷ്യാവകാശ പ്രവർത്തകരായ ജാവേദ് ആനന്ദും ടീസ്റ്റ സെറ്റിൽവാദുമാണ് എഡിറ്റർമാർ. ഗുജറാത്ത് വംശഹത്യയുടെ ഭീകരതയും കലാപം ആസൂത്രണം ചെയ്യുന്നതിൽ സംസ്ഥാന മുഖ്യമന്ത്രി നരേന്ദ്ര മോഡി വഹിച്ച പങ്കും പുറത്തുകൊണ്ടുവരുന്നതിൽ *കോംപാറ്റ്* വഹിച്ച പങ്ക് വളരെ വലുതാണ്.

2002-ലായിരുന്നു ഗുജറാത്തിലെ മുസ്‌ലിം വംശഹത്യ. അഞ്ചു വർഷത്തിനു ശേഷം വംശഹത്യയുടെ ഇരകൾക്ക് എന്തു സംഭവിച്ചു എന്നറിയാൻ *കമ്യൂണലിസം കോംപാറ്റ്* പ്രതിനിധികൾ ഗുജറാത്തിലെത്തി. വിവിധ ഗവൺമെന്റ് ഏജൻസികളും മനുഷ്യാവകാശ സംഘടന

കളും നടത്തിയ അന്വേഷണ റിപ്പോർട്ടുകൾ അവർ തേടിപ്പിടിച്ചു. സ്വന്തമായി അന്വേഷണങ്ങൾ നടത്തി. ശ്രമകരായ ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കുന്നതിന് *കോംപാറ്റി*ന്റെ ചില ലക്കങ്ങൾ അവർ വേണ്ടെന്നു വെച്ചു.

ഞെട്ടിക്കുന്ന നീതിനിഷേധത്തിന്റെ കഥകൾ മാത്രമാണ് അവർക്ക് കേൾക്കാൻ കഴിഞ്ഞത്. ഗോധ്രാ സംഭവത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ ഇപ്പോഴും 'പോട്ട'ക്ക് കീഴിൽ ജയിലുകളിൽ നരകിക്കുകയാണ്. അവരിൽ വൃദ്ധന്മാരും കുട്ടികളും അന്ധന്മാരുമുണ്ട്. അവരുടെ പേരിലുള്ള കുറ്റങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ല. ആയിരക്കണക്കിന് പേരുടെ മരണത്തിനും കോടികളുടെ സ്വത്തുനാശത്തിനും ഇടയാക്കിയ ഗുജറാത്ത് കലാപം ആസൂത്രണം ചെയ്തവരാകട്ടെ സ്വൈരവിഹാരം നടത്തുന്നു. അവർക്ക് അറസ്റ്റ് ഭീഷണി പോലുമില്ല. ഈ നഗ്നമായ നീതിനിഷേധം തുറന്നുകാട്ടുകയാണ് *കോംപാറ്റ്* അതിന്റെ രണ്ട് ലക്കങ്ങളിൽ (2007 ജൂൺ, ജൂലൈ). സൈറ്റ് വിലാസം: www.sabrang.com ■

## യൂസുഫ് അൽ ഇദം

**ഇസ്‌ലാമികപ്രബോധകനും** കവിയുമായ യൂസുഫ് അൽ ഇദം അന്തരിച്ചു. ജോർദാനിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ സെക്രട്ടറിമാരിലൊരാളായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തെക്കൻ ജോർദാനിലെ മആൻ നഗരത്തിൽ 1931-ലായിരുന്നു യൂസുഫിന്റെ ജനനം. മാതാപിതാക്കൾ മതബോധമുള്ളവരും നിർധനരുമായിരുന്നു. തലസ്ഥാനമായ അമ്മാനിലായിരുന്നു സെക്കന്ററി വിദ്യാഭ്യാസം. ബഗ്ദാദിൽ രണ്ടു വർഷം ഇസ്‌ലാമികനിയമം പഠിച്ചു. പിന്നീട് ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽനിന്ന് അറബി ഭാഷയിലും സാഹിത്യത്തിലും അവഗാഹം നേടി. 1953-ൽ ബിരുദം.

ഈജിപ്തിലായിരിക്കെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ ആശയങ്ങളിൽ ആകൃഷ്ടനായി. അക്കാലത്ത് കലാകാരന്മാരും സാഹിത്യകാരന്മാരും കവികളും ധാരാളമായി ഇഖ്‌വാന്റെ പല വേദികളിലും പ്രവർത്തിച്ചുവന്നിരുന്നു. ഇഖ്‌വാന്റെ യുവജനവിഭാഗം സ്ഥിരമായി കാവ്യസദസ്സുകളും സംഘടിപ്പിച്ചുവന്നിരുന്നു. യുവകവി യൂസുഫ് അൽ ഇദം തന്റെ ആദ്യ രചനകൾ അവതരിപ്പിക്കുന്നത് അത്തരം വേദികളിലാണ്.

അമ്മാനിലേക്ക് മടങ്ങിപ്പോയ അദ്ദേഹം അവിടത്തെ ഇസ്‌ലാമിയ്യ കോളേജിൽ അറബിഭാഷാ അധ്യാപകനായി. തുടർന്ന് രാഷ്ട്രീയത്തിലും സജീവമായി. 1963-ൽ ഇസ്‌ലാമിസ്റ്റുകളെ പ്രതിനിധീകരിച്ച് മആൻ നഗരത്തിൽ മത്സരിക്കുകയും ദേശീയ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ദേശീയസഭ പിരിച്ചുവിട്ട് 1964-ൽ തെരഞ്ഞെടുപ്പ് നടത്തിയപ്പോഴും അതേ മണ്ഡലത്തിൽനിന്ന് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ഗൾഫ് യുദ്ധകാലത്ത് ആറു മാസം ജോർദാനിലെ സാമൂഹിക വികസന കാര്യമന്ത്രിയായിരുന്നിട്ടുണ്ട്. ഒട്ടുമിക്ക അറബ്, ആഫ്രിക്കൻ, യൂറോപ്യൻ രാജ്യങ്ങളും സന്ദർശിച്ച് നിരവധി പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി.

'സമൂഹത്തെ ഉണർത്തുന്നതിൽ വിശ്വാസത്തിന്റെ പങ്ക്' ആണ് അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതി. ഈജിപ്തിൽ വിദ്യാർഥിയായിരിക്കെയാണ് ഇത് രചിച്ചത്. അപ്പോൾതന്നെ കണ്ടുകെട്ടപ്പെടുകയും ചെയ്തു. പിന്നീട് ഇതിന് നിരവധി പതിപ്പുകൾ ഇറങ്ങുകയുണ്ടായി. യുവസമൂഹത്തെ ഇസ്‌ലാമികമായി സംസ്കരിക്കുന്നതിനായി പതിനാറ് പുസ്തകങ്ങളുള്ള ഒരു പരമ്പര തന്നെ അദ്ദേഹം പുറത്തിറക്കി. 'മുസ്‌ലിം തലമുറക്കൊപ്പം' (*മഅൽ ജീലിൽ മുസ്‌ലിം*) എന്നാണ് പരമ്പരയുടെ പേര്. 'കവിതയും കവികളും ഇസ്‌ലാമിൽ' നിരൂപണ കൃതിയാണ്. റുബാഇയ്യാത്തു മിൻ ഫിലസ്ത്വീൻ, അറാഇസുദ്ദിയാഅ്, ലബ്ബൈക് തുടങ്ങിയവ കവിതാ സമാഹാരങ്ങളും 'മനുഷ്യരേ', 'വലിയ ഹൃദയങ്ങൾ' കഥാസമാഹാരങ്ങളുമാണ്. 'സയ്യിദ് ഖുത്വ്ബ്- ജീവിതം, ചിന്ത, സ്വാധീനം' ആണ് ശ്രദ്ധേയമായ മറ്റൊരു കൃതി. ജോർദാനിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'അൽകിഫാഹുൽ ഇസ്‌ലാമി' എന്ന പത്രത്തിന്റെ എഡിറ്ററുമായിരുന്നു. യൂസുഫിന്റെ മരണത്തിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ കാര്യദർശി മുഹമ്മദ് മഹ്ദി ആകിഫ് അനുശോചിച്ചു. ■

## 'തനിമ' ടെലിഫിലിമുകൾ ജമാഅത്ത് സൈറ്റിൽ

**ജമാഅത്തെ** ഇസ്‌ലാമി വെബ്സൈറ്റിൽ ഇനി 'തനിമ' കലാവേദി പുറത്തിറക്കിയ മലയാളം ടെലിഫിലിമുകൾ കാണാം. നജീബ് കുറ്റിപ്പുറം സംവിധാനം ചെയ്ത 'മൊയ്തു മൗലവിയുടെ ഓർമകൾ', അബ്ബാസ് കാളത്തോടിന്റെ 'കനിവിന്റെ തീർഥാടനം' എന്നിവ പൂർണ രൂപത്തിൽ ലഭ്യമാണ്. ജീവൻ ടി.വി ടെലിഫെസ്റ്റിൽ മൂന്ന് അവാർഡുകൾ നേടിയ തനിമയുടെ 'വധു' ടെലിഫിലിമും സൈറ്റിൽ ഒരുക്കിയിട്ടുണ്ട്. ഒരു വർഷം പൂർത്തിയാക്കിയ ജമാഅത്ത് സൈറ്റ് ഇതിനകം രണ്ടര ലക്ഷത്തിലധികം പേർ സന്ദർശിച്ചു.

www.jihkerala.org